بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 27.01.17 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*27.01.17 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ത്ബയുടെ സംഗ്രഹം*

**ഓരോ പ്രവൃത്തിയുടേയും സവിശേഷ ഫലങ്ങൾ ഉളവാകുന്നതിന് സ്ഥിരചിത്തത നിബന്ധനയാണ്. ശാഖാ സംഘടനകളും ജമാഅത്ത് വ്യവസ്ഥിതിയും തങ്ങളുടെ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ചും അല്ലാഹു നമ്മുടെ സൃഷ്ടിയുദ്ദേശ്യമായി നിശ്ചയിച്ചിട്ടുള്ള പ്രവർത്തനങ്ങളിൽ, അലസതയുടെയും ദൗർബല്യത്തിന്റെയും സ്ഥാനത്ത് കാലോചിതമായി ഓരോ ദിനവും പുരോഗതിയിലേക്ക് നയിക്കും വിധമുള്ള പ്രവർത്തന പരിപടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനുശേഷം അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് പറഞ്ഞു:

കഴിഞ്ഞ ഖുതുബയിൽ നമസ്കാരത്തിന്റെ പ്രാധാന്യത്തിലേക്കും അതിന്റെ അനുഷ്ഠാനത്തിലേക്കുമായിരുന്നു ഞാൻ ശ്രദ്ധക്ഷണിച്ചത്. പല ആളുകളും എനിക്ക് വ്യക്തിപരമായി കത്ത് എഴുതുകയും തങ്ങളുടെ അലസതയിൽ ലജ്ജ പ്രകടിപ്പിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ശരിക്കും അലംഭാവം ഉണ്ടായിട്ടുണ്ട്, ഭാവിയിൽ ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കാൻ ശക്തമായ പ്രോഗ്രാം നടത്തുന്നു, ഇൻശാ അല്ലാഹ് അലസതകൾ അകറ്റുന്നതിന് ഇനി പൂർണ്ണമായ നിലയിൽ ശ്രമിക്കുന്നതാണ് എന്ന് പറഞ്ഞു കൊണ്ടുള്ള കത്തുകളാണ് ജമാഅത്ത് വ്യവസ്ഥിതിയിൽ നിന്നും ശാഖാ സംഘടനകളിൽ നിന്നും വന്നത്. അല്ലാഹു ഇവർക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറകട്ടെ. നമ്മുടെ പള്ളികൾ യഥാർഥത്തിൽ ജനബാഹുല്യത്തിന്റെ പൂർണ്ണദൃശ്യം അവതരിപ്പിക്കുന്നവയാകട്ടെ. എന്നാൽ, ഓരോ പ്രവൃത്തിയുടെയും സവിശേഷ ഫലങ്ങൾ ഉളവാകുന്നതിന് സ്ഥിരചിത്തത നിബന്ധനയാണെന്ന് നിർവ്വാഹക സമിതി എപ്പോഴും ഓർക്കേണ്ടതാണ്. നമ്മളിൽ ഒരുപാട് പേർ തുടക്കത്തിൽ വളരെ ആവേശത്തോടെ പ്രവത്തിക്കാൻ ഒരുങ്ങുന്നവരുണ്ടെങ്കിലും കുറച്ചു കാലം കഴിഞ്ഞാൽ അവരിൽ അലസത ഉണ്ടാകാൻ തുടങ്ങുന്നു. ഇത് മനുഷ്യപ്രകൃതമാണ്. ഇത് വളരെ ആശങ്കയുണ്ടാക്കുന്ന കാര്യമാണെങ്കിലും അംഗങ്ങളിൽ അലസതയുണ്ടാകുന്നത് ഭയാനകമായ ഫലങ്ങൾ ഉളവാക്കാറില്ല. എന്നാൽ, വ്യവസ്ഥിതിയിൽ അലസതയുണ്ടാവുക എന്നത് അങ്ങേയറ്റം അപകടകരമാണ്. അംഗങ്ങളെ ഉദ്ബോധിപ്പിക്കുന്ന വ്യവസ്ഥിതി തന്നെ അലസരാവുകയോ തങ്ങളുടെ പ്രവർത്തനങ്ങളിൽ ഉത്സാഹം കാണിക്കാതിരിക്കുകയോ ചെയ്താൽ പിന്നെ ജമാഅത്തംഗങ്ങളുടെ പരിഷ്കരണവും പ്രയാസകരമായിരിക്കും.

ആയതിനാൽ, ശാഖാ സംഘടനകളും ജമാഅത്ത് വ്യവസ്ഥിതിയും തങ്ങളുടെ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ചും അല്ലാഹു നമ്മുടെ സൃഷ്ടിയുദ്ദേശ്യമായി നിശ്ചയിച്ചിട്ടുള്ള പ്രവർത്തനങ്ങളിൽ , അലസതയുടെയും ദൗർബല്യത്തിന്റെയും സ്ഥാനത്ത് കാലോചിതമായി ഓരോ ദിനവും പുരോഗതിയിലേക്ക് നയിക്കും വിധമുള്ള പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ് നമ്മുടെ ആരാധനകളുടെ അഭിവൃദ്ധി തന്നെയാണ്. നമുക്ക് വിജയങ്ങൾ നൽകുന്നത്. അതു കൊണ്ട് തന്നെ വളരെ സുപ്രധാനമായ സംഗതിയാണിത്. വ്യവസ്ഥിതിയുള്ള എല്ലാവരും ഇതിന്റെ ഗൗരവം മനസ്സിലാക്കേണ്ടതുണ്ട്. ലജ്നാ ഇമായില്ലായും ഇതു സംബന്ധിച്ച് തങ്ങളുടെ പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്. വീട്ടിൽ കുട്ടികളുടെ നമസ്കാര കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും അവർക്ക് നമസ്കാര ശീലമുണ്ടാക്കുകയും ഭർത്താക്കന്മാരെയും യുവാക്കളെയും പള്ളിയിൽ പോകാൻ നിരന്തരം ഉദ്ബോധിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുക എന്നത് സ്ത്രീകളുടെ ജോലിയാണ്. സ്ത്രീകൾ അവരുടെ ധർമ്മം നിർവ്വഹിക്കുകയാണെങ്കിൽ അത് അസാധാരണമാറ്റം ഉണ്ടാക്കാവുന്നതാണ്. അതു പോലെ തന്നെ നമസ്കാരത്തെപ്പറ്റി ഞങ്ങളോടൊന്നും പറയുകയോ ചോദിക്കുകയോ അരുത്, അത് ഞാനും ദൈവവും തമ്മിലുള്ള കാര്യമാണ് എന്ന് പറയുന്നവരെ തിരുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ ഭർത്താക്കന്മാരെ ഉപദേശിക്കുമ്പോൾ ഞങ്ങളോട് അവർ കലഹിക്കാൻ ഒരുങ്ങുന്നുവെന്ന് പല സ്ത്രീകളിൽ നിന്നും പരാതി വരാറുണ്ട്. അത്തരം ആളുകളോട് ഞാൻ പറയുകയാണ്

'തീർച്ചയായും അത് ദൈവവും ദാസനും തമ്മിലുള്ള കാര്യമാണ്. എന്നാൽ, ഉദ്ബോധിപ്പിക്കുകയും അന്വേഷിക്കുകയും ചെയ്യുക എന്നത് ജമാഅത്ത് വ്യവസ്ഥിതിയുടെ ജോലിയാണ്. അതു പോലെ തന്നെ ഭാര്യമാരുടെയും ജോലിയാണത്. എന്നല്ല, നിർബന്ധമാക്കപ്പെട്ടതാണ്. നമസ്കാരത്തിനായി ആദ്യം ഉണരുന്ന വ്യക്തി മറ്റേ വ്യക്തിയെ ഉണർത്തുകയും ഇനി മറ്റേയാൾ എഴുന്നേൽക്കാതെ മടി കാണിക്കുന്നെങ്കിൽ അയാളുടെ മുഖത്ത് വെള്ളം കുടയുകയും ചെയ്യുക എന്ന നിർദേശമാണ് നബി(സ) തിരുമേനി ഭാര്യാഭർത്താക്കന്മാർക്ക് നൽകിയിട്ടുള്ളത്. ആയതിനാൽ ഇത്തരം കാര്യങ്ങളിൽ തങ്ങൾ സ്വതന്ത്രരാണെന്നും തങ്ങളും ദൈവവും തമ്മിലുള്ള കാര്യമാണിതെന്നുമുള്ള ചിന്ത തെറ്റാണ്. നിങ്ങൾ ബന്ധപ്പെടുത്തിപ്പറയുന്ന വ്യവസ്ഥിതി തന്റെ ജമാഅത്തിന്റെ പരിശോധനയ്ക്കായി നമസ്കാരനിർവ്വഹണത്തെ സംബന്ധിച്ച് ആരായുമ്പോൾ ദേഷ്യപ്പെടുന്നതിനു പകരം സഹകരിക്കുകയാണ് വേണ്ടത്. എന്തൊക്കെയാണെങ്കിലും, നമസ്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഓരോരുത്തനും ബോധവാനായിരിക്കണം. അതിനു വേണ്ടി അല്ലാഹുവിന്റെയും നബി(സ)തിരുമേനിയുടെയും കൽപനകൾ ശുഷ്കാന്തിയോടെ നിർവ്വഹിക്കാൻ ശ്രമിക്കേണ്ടതാണ്.

ഈ ഉദ്ബോധനത്തിനു ശേഷം ഇനി ഞാൻ നമസ്കാരത്തെ സംബന്ധിച്ച് ഫിഖ്ഹ് വിഷയവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ വാഗ്ദത്ത മസീഹ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ അവതരിപ്പിക്കുന്നതാണ്. അവയിൽപെട്ട ഒന്നാണ് കൈകൾ ഉയർത്തുന്ന പ്രശ്നം. അതായത്, നമസ്കാരത്തിലെ ഓരോ തക്ബീറിലും ഒരോ ചലനത്തിലും കാതുകൾ വരെ കൈകൾ ഉയർത്തുക എന്നത്. കൈകൾ ഉയർത്തുന്നതുമായി ബന്ധപ്പെട്ട് വാഗ്ദത്ത മസീഹ്(അ) പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: "ഇത് ചെയ്താലും ചെയ്തില്ലെങ്കിലും പ്രശ്നമൊന്നുമില്ല. ഹദീസുകളിൽ ഇതിനെക്കുറിച്ച് രണ്ടു വിധത്തിലും പരാമർശങ്ങളുണ്ട്. നബി(സ) ഒരു കാലത്ത് കൈകൾ ഉയർത്തുകയും പിന്നീട് അത് ഉപേക്ഷിക്കുകയും ചെയ്തുവെന്നാണ് മനസ്സിലാകുന്നത്."

മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: എന്നോട് മിയാൻ അബ്ദുല്ലാഹ് സാഹിബ് സന്നൂരി പറഞ്ഞു: തുടക്കത്തിൽ ഞാൻ ഗൈർ മുഖല്ലിദ്( ഫിഖ്ഹിന്റെ നാലു ഇമാമുകളെയും അംഗീകരിക്കാത്ത ആൾ) ആയിരുന്നു. കൈകൾ ഉയർത്തുകയും ആമീൻ ഉച്ചത്തിൽ ചൊല്ലുകയും ചെയ്യുന്ന കാര്യങ്ങൾ വളരെ കണിശമായി തന്നെ അനുവർത്തിച്ചിരുന്നു. വാഗ്ദത്ത മസീഹുമായി കൂടിക്കാഴ്ച നടത്തിയതിനു ശേഷവും ഒരു ദീർഘകാലം ഈ രീതി തന്നെയാണ് ഞാൻ അവലംബിച്ചു പോന്നത്. ഏറെ കാലത്തിനു ശേഷം ഒരിക്കൽ വാഗ്ദത്ത മസീഹ്(അ) നു പിന്നിൽ ഞാൻ നമസ്കരിച്ചപ്പോൾ നമസ്കാരാനന്തരം ഹുസൂർ(അ) പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു: "മിയാൻ അബ്ദുല്ലാഹ്! ഈ സുന്നത്തിൽ ഒരുപാട് കർമ്മം ചെയ്തു കഴിഞ്ഞിരിക്കുന്നു(ഇനി മതിയാക്കുക)". കൈകൾ ഉയർത്തുന്നതിലേക്ക് ആയിരുന്നു ഹുസൂർ (അ)ന്റെ സൂചന. മിയാൻ അബ്ദുല്ലാഹ് സാഹിബ് പറയുന്നു: "അന്നു മുതൽ ഞാൻ കൈകൾ ഉയർത്തുന്നത് നിർത്തി. എന്നല്ല, ഉച്ചത്തിൽ ആമീൻ പറയുന്നതു പോലും ഉപേക്ഷിച്ചു." മിയാൻ അബ്ദുല്ലാഹ് സാഹിബ് വിവരിക്കുന്നു: "ഞാൻ വാഗ്ദത്ത മസീഹിനെ. കൈകൾ ഉയർത്തുകയും ആമീൻ,ബിസ്മില്ലാഹ് എന്നിവ ഉച്ചത്തിൽ ഉരുവിടുകയും ചെയ്യുന്നതായി ഒരിക്കലും കണ്ടിട്ടില്ല."

മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു: മിയാൻ അബ്ദുല്ലാഹ് വിവരിച്ച അതേ കർമ്മ രീതിയായിരുന്നു വാഗ്ദത്ത മസീഹ്(അ)ന്റേത് എന്നാണ് എനിക്ക് പറയാനുള്ളത്.

ഹുസൂർ പറഞ്ഞു: എന്നാൽ നമ്മൾ അഹ്മദികളിൽ വാഗ്ദത്ത മസീഹിന്റെ കാലത്തും അദ്ദേഹത്തിനു ശേഷം ഇന്നും തുടർന്നു വരുന്ന കർമ്മരീതി ഇക്കാര്യങ്ങളിൽ പരസ്പരം ആക്ഷേപിക്കാതിരിക്കുക എന്നതാണ്. ചിലർ ആമീൻ ബിൽ ജഹ്ർ ചെയ്യുന്നു. അതായത്, ഉയർന്ന ശബ്ദത്തിൽ ആമീൻ പറയുന്നു. ചിലർ ഉച്ചത്തിൽ പറയാറില്ല. ചിലർ കൈകൾ ഉയർത്തുന്നു. എന്നാൽ ഭൂരിഭാഗം പേരും ഉയർത്താറില്ല. ഇപ്പോഴാണെങ്കിൽ ചില നവാഗതരെ ഒഴിച്ചാൽ തീർത്തും അങ്ങനെ ചെയ്യാത്തവരാണ്. അത് ശീലമാക്കിയവരാനെങ്കിൽ മെല്ലെ മെല്ലെ അത് ഉപേക്ഷിക്കുകയും ചെയ്യുന്നു.

ഇനി മനുഷ്യൻ നമസ്കാരത്തിൽ കൈ കെട്ടി നിൽക്കുമ്പോൾ എങ്ങനെ കെട്ടണം എന്നുള്ളതാണ് അടുത്ത പ്രശ്നം. ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: എന്നോട് മൗലവി സയ്യിദ് മുഹമ്മദ് സർവർശാഹ് സാഹിബ് പറഞ്ഞു: ഒരിക്കൽ ഹദ് റത്ത് ഖലീഫ അവ്വലിന് ഒരു കത്ത് വന്നു. ചില ആളുകൾ പൊക്കിളിനു താഴെയും ചിലർ മധ്യഭാഗത്തും ചിലർ വളരെ മുകളിലുമായി കൈ കെട്ടിയിരുന്നതിനാൽ മനുഷ്യൻ നമസ്കാരത്തിനായി നിയ്യത്ത് ചെയ്തു കൊണ്ട് നിൽക്കുമ്പോൾ കൈ കെട്ടേണ്ടത് എങ്ങനെയാണെന്ന് ചോദിച്ചു കൊണ്ട് ഖലീഫ അവ്വലിന് കത്ത് വന്നു. പൊക്കിളിനു മുകളിൽ കൈ കെട്ടുന്നതുമായി ബന്ധപ്പെട്ട് വല്ല സഹീഹ് ആയ ഹദീസും ലഭ്യമാണോ എന്ന് ചോദിച്ചു കൊണ്ടുള്ളതായിരുന്നു കത്ത്. ഹദ്റത്ത് മൗലവി സാഹിബ് ആ കത്ത് വാഗ്ദത്ത് മസീഹ്(അ)ന്റെ മുൻപാകെ അവതരിപ്പിച്ചു കൊണ്ട് പറഞ്ഞു: ഇതു സംബന്ധമായി ലഭ്യമായ ഹദീസുകൾ വിമർശനങ്ങളിൽ നിന്ന് മുക്തമല്ല. വാഗ്ദത്ത മസീഹ്(അ) പറഞ്ഞു: "മൗലവി സാഹിബ്! താങ്കൾ അന്വേഷിക്കുക. തീർച്ചയായും ലഭിക്കുന്നതാണ്. ചെറുപ്രായത്തിൽ പോലും തന്റെ ചുറ്റും ഹനഫികൾ ഉണ്ടായിരിക്കെ പൊക്കിളിനു താഴെ കൈ കെട്ടാൻ ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല. എന്നല്ല, എന്റെ സ്വാഭാവികമായ ചായ്വ് എപ്പോഴും പൊക്കിളിനു മുകളിൽ കൈ കെട്ടുന്നതിലായിരുന്നു. നമ്മുടെ സ്വാഭാവികമായ ചായ്വ് ഏത് കാര്യത്തിലേക്കാണോ അതിനെക്കുറിച്ച് അന്വേഷിക്കുന്നതായാൽ ഹദീസ് തീർച്ചയായും ലഭിക്കുമെന്ന് നാം പലവട്ടം അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്." അങ്ങനെ അദ്ദേഹം ഖലീഫ അവ്വലിനോട് പറഞ്ഞു:" താങ്കൾ അന്വേഷിക്കുക. തീർച്ചയായും ലഭിക്കുന്നതാണ്. എന്തെന്നാൽ, എനിക്ക് പ്രകൃതിപരമായി ചായ്വുള്ള സംഗതികളെ സംബന്ധിച്ച് ഹദീസുകൾ ലഭ്യമാകുന്നതായിട്ടാണ് പൊതുവെ കാണാൻ സാധിച്ചിരിക്കുന്നത്."

"അപ്പോൾ ഹദ്റത്ത് മൗലവി സാഹിബ് പോയി" മൗലവി സർവർ ശാഹ് സാഹിബ് വിവരിക്കുന്നു: " ഒരു അരമണിക്കൂർ ആയിട്ടുണ്ടാകില്ല, അദ്ദേഹം സന്തോഷത്തോടെ കൈയിൽ ഒരു ഗ്രന്ഥവുമായി വന്ന് ഹദീസ് ലഭിച്ചുവെന്നും ആ ഹദീസ് ആണെങ്കിൽ ശൈഖൈനികളുടെ നിബന്ധനയനുസരിച്ചുള്ളത്, അതായത് ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും ഐക്യകണ്ഠേന അംഗീകരിച്ചതാണെന്നു പറയുകയും ചെയ്തു."

അത്തഹിയ്യാത്തിൽ വിരൽ ഉയർത്തുന്നത് അതായത് ചൂണ്ടുവിരൽ ഉയർത്തുന്നത് എന്തു കൊണ്ടാണ് എന്ന് ഒരാൾ ചോദിച്ചു. ഹുസൂർ (അ) പറഞ്ഞു: ജാഹിലിയ്യാ കാലത്ത് ജനങ്ങൾ തെറി പറയാനായിരുന്നു വിരൽ ഉയർത്തിയിരുന്നത്. അതു കൊണ്ടാണ് അത് 'സബാബ ' എന്ന പേരിൽ അറിയപ്പെടുന്നത്. അതായത്, തെറിപറയുന്ന വിരൽ. അല്ലാഹു അറേബ്യയെ പരിഷ്കരിച്ചു. അവരുടെ ആ ശീലം മാറ്റികൊണ്ട് പറഞ്ഞു: 'ദൈവം പങ്കുകാരനില്ലാത്തവനെന്ന് നിങ്ങൾ പറയുമ്പോൾ ഈ വിരൽ ഉയർത്തുക. അതിന്റെ മേലുള്ള ആക്ഷേപം ഉയർന്നു പോകട്ടെ. അതായത് തെറിപറയുന്ന വിരൽ എന്ന് തെറ്റായി വെച്ചിട്ടുള്ള ആ പേര് ഇനി ഉണ്ടാവരുത്. മറിച്ച് ശഹാദത്തിന്റെ വിരൽ എന്ന് അത് അറിയപ്പെടട്ടെ. അതുപോലെ അറേബ്യയിലെ ജനത അഞ്ചു നേരം മദ്യപിക്കുന്നവരായിരുന്നു. അതിനു പകരം അഞ്ചുനേര നമസ്കാരം വെച്ചു."

റുകൂഇലും സുജൂദിലും ഖുർആനിക പ്രാർഥനകൾ ചൊല്ലുന്നതിനെപ്പറ്റി ചോദ്യമുണ്ടായി. മൗലവി അബ്ദുൽ ഖാദിർ സാഹിബ് ലുധിയാനവി ചോദിച്ചു: റുകൂഇലും സുജൂദിലും ഖുർആനിക വചനങ്ങൾ അല്ലെങ്കിൽ പ്രാർഥനകൾ ചൊല്ലുന്നതിനെപ്പറ്റി അങ്ങയുടെ നിർദേശമെന്താണ്? പറഞ്ഞു: "സുജൂദും റുകൂഉം താഴ്മയുടെ നേരമാണ്. എന്നാൽ ദൈവവചനം ഔന്നിത്യം ആഗ്രഹിക്കുന്നു. തന്നെയുമല്ല, നബി(സ) റുകൂഇലും സുജൂദിലും ഖുർആനിക പ്രാർഥനകൾ ചൊല്ലിയതായി ഹദീസുകളിൽ ഒരിടത്തു നിന്നും സ്ഥാപിതമല്ല."

അങ്ങേയറ്റം താഴ്മയുടെ അവസ്ഥയായ സുജൂദിൽ ഖുർആനിക പ്രാർഥന ചൊല്ലുന്നത് അനുവദനീയമല്ലാത്തത് എന്തു കൊണ്ടാണെന്ന് ഒരാൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യോട് ചോദിച്ചു. അദ്ദേഹം മറുപടി നൽകി: സുജൂദിൽ ഖുർആനിക പ്രാർഥനകൾ ചൊല്ലാം എന്നു തന്നെയായിരുന്നു ഞാനും വിശ്വസിച്ചിരുന്നത്.എന്നാൽ പിന്നീട് സൂജൂദിന്റെ അവസ്ഥയിൽ ഖുർആനിക പ്രാർഥനകൾ ചൊല്ലുന്നത് വിലക്കി കൊണ്ടുള്ള വാഗ്ദത്ത മസീഹിന്റെ ഒരു ഉദ്ധരണിയും അതുപോലെ മുസ്നദ് അഹ്മദിന്റെ ഒരു ഹദീസും ഈ വിഷയകമായി ലഭിച്ചു. നബി(സ)യിൽ നിന്നും വാഗ്ദത്ത മസീഹിൽ നിന്നും ഒരു കാര്യം ലഭിച്ചാൽ പിന്നെ അത് നമ്മുടെ യുക്തിക്കെതിരാണെങ്കിൽ തന്നെയും അതിനെതിരായ മാർഗം അവലംബിക്കുന്നത് ശരിയല്ല. നമ്മോട് എന്താണോ കൽപിക്കപ്പെടുന്നത് അതനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്.

ജമാഅത്തായ നമസ്കാരത്തിൽ ഒരാൾ റുകൂഇലാണ് വന്നു ചേരുന്നതെങ്കിൽ അയാളുടെ റകഅത്ത് പൂർത്തിയാകുമോ എന്ന വിഷയം പരാമർശിക്കപ്പെട്ടു. വാഗ്ദത്ത മസീഹ്(അ) പറഞ്ഞു:

ലാ സ്വലാത്ത ഇല്ലാ ബി ഫാത്തിഹത്തിൽ കിതാബ് എന്നതാണ് നമ്മുടെ മതം. മനുഷ്യൻ ഇമാമിന്റെ പിന്നിലാണെങ്കിലും ഒറ്റക്ക് നമസ്കരിക്കുകയാണെങ്കിലും ശരി, ഏതവസ്ഥയിലും അയാൾ സൂറ: ഫാത്തിഹ ഓതേണ്ടതാണ്. അതേസമയം ഇമാമിനെ അനുഗമിക്കുന്നവർക്ക് കേൾക്കാനും അവർക്ക് ചൊല്ലാനും കഴിയും വിധം നിർത്തി നിർത്തിയായിരിക്കണം ഇമാം ഓതേണ്ടത്. അനുഗാമികൾക്ക് എന്തായാലും കേൾക്കാനും ചൊല്ലാനുമുള്ള അവസരം കിട്ടണം. സൂറ: ഫാത്തിഹ ചൊല്ലേണ്ടത് അനിവാര്യമാണ്. എന്തെന്നാൽ, അത് ഉമ്മുൽ കിതാബ് ആണ്. എന്നിരുന്നാലും, നമസ്കാരത്തിൽ ചേരണമെന്ന ശ്രമം ഒരാളുടെ ഭാഗത്ത് നിന്നുണ്ടായിട്ടും അയാൾക്ക് റുകൂഇലാണ് ചേരാൻ സാധിക്കുന്നതെങ്കിൽ, അതിനു മുൻപ് അയാൾ ചേരാൻ സാധ്യമായില്ലെങ്കിൽ അയാൾ സൂറ: ഫാത്തിഹ ചൊല്ലിയില്ലെങ്കിലും അയാളുടെ റകഅത്ത് പൂർത്തിയാകുന്നതാണ്. എന്തെന്നാൽ, റുകൂഅ് കിട്ടിയവന് റകഅത്ത് കിട്ടി എന്ന് ഹദീസ് ശരീഫിൽ വന്നിരിക്കുന്നു. ഇനി ഒരുവൻ മന:പൂർവം അലസത കാണിക്കുകയും ജമാഅത്തായ നമസ്കാരത്തിൽ ചേരാൻ വൈകിപ്പിക്കുകയുമാണെങ്കിൽ അവന്റെ നമസ്കാരം തന്നെ ശരിയാവില്ല.

ഇമാമിന്റെ പിറകെ അൽഹംദു ചൊല്ലാത്തവന്റെ നമസ്കാരം ശരിയാവുകുമോ എന്ന് ഒരാൾ ചോദിച്ചു.ഹുസൂർ(അ) പറഞ്ഞു: “നമസ്കാരം ശരിയാവുമോ ഇല്ലേ എന്നല്ല ചോദിക്കേണ്ടത്. നമസ്കാരത്തിൽ ഇമാമിന്റെ പിറകെ അൽഹംദു ചൊല്ലേണ്ടതുണ്ടോ ഇല്ലേ എന്നതായിരിക്കണം ചോദ്യം. ചൊല്ലണം എന്നാണ് നാം പറയുന്നത്. ശരിയാവോ ഇല്ലേ എന്ന് അറിയുന്നത് അല്ലാഹുവാണ്. ഹനഫികൾ ചൊല്ലാറില്ല.ആയിരക്കണക്കിന് ഔലിയാക്കൾ ഹനഫീ രീതിയായിരുന്നു അവലംബിച്ചിരുന്നത്. ഇമാമിനു പിറകെ അവർ അൽഹംദു ചൊല്ലാറുണ്ടായിരുന്നില്ല. അവരുടെ നമസ്കാരം ശരിയല്ലെങ്കിൽ പിന്നെ അവരെങ്ങനെ അല്ലാഹുവിന്റെ ഔലിയാക്കളായി? ഇമാം അഅ്സം(അബുഹനീഫ) സാഹിബുമായി നമുക്ക് ഒരു വിധത്തിലുള്ള ബന്ധമുള്ളതിനാലും അദ്ദേഹത്തെ വളരെയധികം ആദരിക്കുന്നതിനാലും നമസ്കാരം ശരിയല്ലെന്ന് ഫത്വ നൽകാൻ നമുക്കാവില്ല. അക്കാലത്ത് എല്ലാ ഹദീസുകളും ക്രോഡീകരിക്കപ്പെടാത്തതു കൊണ്ടും ഇപ്പോൾ അതിന്റെ രഹസ്യം വ്യക്തമായതു പോലെ മുൻപ് വ്യക്തമാവാത്തതു കൊണ്ടും അവർ നിബന്ധിതരായിരുന്നു. ഇപ്പോൾ ഈ പ്രശ്നം പരിഹരിക്കപ്പെട്ടിരിക്കുന്നു. ഇനി ആരെങ്കിലും ചൊല്ലുന്നില്ലെങ്കിൽ അവന്റെ നമസ്കാരം സ്വീകാര്യതയുടെ മഹിത സ്ഥാനത്ത് എത്തുകയില്ല.”

ഹുസൂർ തിരുമനസ്സ് പറയുന്നു: ളുഹറും അസറും അല്ലെങ്കിൽ മഗ്‌രിബും ഇശായും ചിലപ്പോൾ ജംഅ് ചെയ്യാറുണ്ട്. പിന്നീട് വരുന്നവർക്ക് ശരിക്കും മനസ്സിലാവാറില്ല ഏത് നമസ്കാരമാണ് നടക്കുന്നതെന്ന്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി പറയുന്നു: ഞാൻ വാഗ്ദത്ത മസീഹി(അ)ൽ നിന്ന് ഇപ്രകാരം കേട്ടു: ഇമാം അസർ നമസ്ക്കരിപ്പിച്ചു കൊണ്ടിരിക്കെ ളുഹർ നമസ്കാരം ഇനി നമസ്കരിക്കാനുള്ള ആൾ പള്ളിയിൽ വരികയാണെങ്കിൽ അയാൾ ആദ്യം ളുഹർ നമസ്കാരം വേറെ മാറി നിന്ന് നമസ്കരിച്ചതിനു ശേഷം അസർ നമസ്കരിക്കാൻ ഇമാമിനൊപ്പം ചേരേണ്ടതാണ്. അതു പോലെ ഇശാ നമസ്കാരം നടന്നു കൊണ്ടിരിക്കെ മഗ്‌രിബ് നമസ്കരിക്കാനുള്ള വ്യക്തി പള്ളിയിൽ എത്തിപ്പെടുകയോ ചെയ്താൽ അയാൾ മഗ്‌രിബ് വേറെ നിന്ന് നമസ്കരിച്ചതിനു ശേഷം ഇമാമിനോടൊപ്പം ചേർന്ന് ഇശാ നമസ്കരിക്കുക.

നമസ്കാരങ്ങൾ ജംഅ് ചെയ്തു കൊണ്ടിരിക്കുമ്പോൾ ഒരാൾ പള്ളിയിൽ എത്തിപ്പെടുമ്പോൾ എന്തു ചെയ്യണമെന്നതിനെ സംബന്ധിച്ച വാഗ്ദത്ത മസീഹിന്റെ ഫത്വ ഇപ്രകാരമാണ്: ഇമാം അസർ നമസ്കാരമാണ് നിർവ്വഹിക്കുന്നതെന്ന് അയാൾക്കറിയാമെങ്കിൽ ളുഹർ അയാൾ വേറെ നമസ്കരിച്ചതിനു ശേഷം ഇമാമിനോപ്പം ചേരാവുന്നതാണ്.അതുപോലെ ഇശാ നമസ്കാരമാണ് നിർവ്വഹിക്കുന്നതെന്ന് അയാൾക്കറിയാമെങ്കിൽ മഗ്‌രിബ് അയാൾ വേറെ നമസ്കരിച്ചതിനു ശേഷം ഇമാമിനോപ്പം ചേരാവുന്നതാണ്. ഇനി അയാൾക്ക് ഏത് നമസ്കാരമാണ് നടന്നു കൊണ്ടിരിക്കുന്നത് എന്ന് അറിയില്ലെങ്കിൽ അയാൾ ജമാഅത്തിനോടൊപ്പം ചേർന്ന് നമസ്കരിക്കേണ്ടതാണ്. അത്തരം സാഹചര്യത്തിൽ ഇമാമിന്റെ നമസ്കാരം ഏതാണോ അതായിരിക്കും അയാളുടെ നമസ്കാരം. ശേഷം അയാൾ തന്റെ ആദ്യ നമസ്കാരം നിർവ്വഹിക്കേണ്ടതാണ്.ഉദാ: ഇശാ നമസ്കാരം നടന്നു കൊണ്ടിരിക്കെ മഗ്‌രിബ് നമസ്ക്കരിക്കാത്ത ആൾ പള്ളിയിൽ വരുന്നു. ഇശാ നമസ്കാരമാണ് നടന്നു കൊണ്ടിരിക്കുന്നതെന്ന് അയാൾക്ക് മനസ്സിലായാൽ മഗ്‌രിബ് വേറെ മാറി നിന്ന് നമസ്കരിച്ചതിനു ശേഷം ഇമാമിനോടൊപ്പം ചേരുക. ഇനി അയാൾക്ക് ഏത് നമസ്കാരമാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് മനസ്സിലായില്ലെങ്കിൽ അയാൾ ഇമാമിനൊപ്പം ചേരുക. ഇമാം ഇശാ നമസ്കാരമാണ് നിർവ്വഹിച്ചതെങ്കിൽ അത് അയാളുടെ ഇശാ നമസ്കാരമായിരിക്കും. മഗ്‌രിബ് നമസ്കാരം അയാൾ അതിനു ശേഷം നമസ്കരിക്കേണ്ടതാണ്. അസർ നമസ്കാരത്തിന്റെ കാര്യത്തിലും ചെയ്യേണ്ടത് ഇതുപോലെയാണ്

ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നു: സുന്നത്തുകളും നഫലുകളും വീട്ടിലും ഫർള് നമസ്കാരങ്ങൾ പള്ളിയിലും നമസ്കരിക്കാറായിരുന്നു വാഗ്ദത്ത മസീഹ്(അ)ന്റെ പതിവ്. ഈ പതിവ് തന്നെയാണ് അവസാന കാലം വരെ തുടർന്നു പോന്നത്. ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ഖുർആൻ ദർസ് നൽകിക്കൊണ്ടിരിക്കെ പറഞ്ഞു: ഫർള് നമസ്കാരം നിർവ്വഹിച്ച ശേഷം ഉടനെ വീട്ടിനകത്തേക്ക് പോവുക എന്നത് വാഗ്ദത്ത മസീഹ്(അ)ന്റെ ശീലമായിരുന്നു. മിക്കവാറും ഞാൻ അങ്ങനെ തന്നെയായിരുന്നു ചെയ്യാറുണ്ടായിരുന്നത്. ഇതു കാരണം ചില വിവരമില്ലാത്ത കുട്ടികളും ഫർള് നമസ്കാരം കഴിഞ്ഞാൽ ഉടനെ തന്നെ പള്ളിയിൽ നിന്നു പുറത്ത് പോകുന്നത് ഏതാണ്ട് ശീലമാക്കിയിരിക്കുകയാണ്. അവർക്ക് സുന്നത്ത് ലഭിക്കാതെ പോകുകയാണ് ചെയ്യുന്നത്. വാഗ്ദത്ത മസീഹ്(അ) അകത്തു ചെന്ന് സുന്നത്തുകൾ നിർവ്വഹിക്കാറുണ്ടെന്ന് കാര്യം അവർ ഓർത്തിരിക്കേണ്ടതാണ്. ഞാനും അങ്ങനെയാണ് ചെയ്യാറുള്ളത്.

ഇമാമത്ത് വഹിക്കുന്നത് ഒരു തൊഴിലായി സ്വീകരിക്കാമോ എന്ന ചോദ്യം ഉയർന്നു.

പറഞ്ഞു: ഇമാമത്ത് തൊഴിലായി സ്വീകരിക്കുന്നവർ അഞ്ചു നേരം നിസ്കരിക്കുകയല്ല ചെയ്യുന്നത്. ഈ സമയങ്ങളിൽ അവർ തുറക്കുന്ന ഒരു പീടിക മാത്രമാണത്. ആ പീടികയുമായി ബന്ധപ്പെട്ടാണ് അയാളുടെയും കുടുംബത്തിന്റെ ജീവിതം കഴിഞ്ഞു പോകുന്നത്. ഇത് ഇമാമത്ത് അല്ല; നിഷിദ്ധഭോജനത്തിന്റെ വെറുക്കപ്പെട്ട മാർഗ്ഗമാണ്.

പറഞ്ഞു: ഒരു തൊഴിലെന്നോണം നമസ്കരിപ്പിക്കുന്നവരെ പിന്തുടർന്ന് നമസ്കരിക്കുന്നത് ശരിയല്ല. അവർ വ്യാഴാഴ്ച അപ്പവും ശമ്പളവും മനസ്സിൽ വെച്ചു കൊണ്ടാണ് നമസ്കരിപ്പിക്കുന്നത്. അത് കിട്ടിയില്ലെങ്കിൽ അതു ഉപേക്ഷിക്കുകയും ചെയ്യുന്നു.

വാഗ്ദത്ത മസീഹിനെ കാഫിർ എന്ന് വിളിക്കുന്നവരെ പിന്തുടർന്ന് നമസ്കരികുന്നതിനെ സംബന്ധിച്ച് പറയുന്നു: കാഫിറാക്കുന്നവരും തക്ദീബിന്റെ(കളവാക്കുന്നതിന്റെ) മാർഗം സീകരിക്കുകയും ചെയ്യുന്നവർ നശിച്ച സമൂഹങ്ങളാണ്. ആയതിനാൽ

എന്റെ ജമാഅത്തിൽ പെട്ട ആരും അവരെ പിന്തുടരാൻ മാത്രമുള്ള യോഗ്യത അവർക്കില്ല. ജീവനുള്ളവന് മരിച്ചവന്റെ പിന്നിൽ നമസ്കരിക്കാനാവുമോ? അത് കൊണ്ട് ഓർത്തു കൊള്ളുക. ഏതെങ്കിലും മുകഫ്ഫിറിനെയും(കാഫിറാക്കിയവൻ) മുകദ്ദിബിനെയും(കളവാക്കിയവൻ) അല്ലെങ്കിൽ അതു പറയാൻ മടിച്ചു നിൽക്കുന്നവനെയും പിന്തുടർന്ന് നമസ്കരിക്കുന്നത് ഹറാമാണ് തീർത്തും ഹറാമാണെന്ന് അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. നിങ്ങളുടെ ഇമാം നിങ്ങളിൽ നിന്നുള്ളവനായിരിക്കേണ്ടതാണ്. ഈ കാര്യത്തിലേക്കാണ് ബുഖാരിയിലെ ഹദീസ് സൂചന നൽകുന്നതും.

രണ്ടാളുകൾ ബൈഅത്ത് ചെയ്തു. ഒരാൾ ചോദിച്ചു: അനഹ്മദിയെ പിന്തുടർന്ന് നമസ്കരിക്കുന്നത് അനുവദനീയമാണോ? പറഞ്ഞു: അവർ ഞങ്ങളെ കാഫിറെന്ന് വിളിക്കുന്നു. ഞങ്ങൾ കാഫിറല്ലെങ്കിൽ ആ കുഫ്റ് അവരിലേക്കാണ് തിരിച്ചു ചെല്ലുക. മുസ്‌ലിമിനെ കാഫിറാക്കുന്നവൻ സ്വയം കാഫിറായിത്തീരുന്നു. അതിനാൽ അത്തരം ആളുകളെ പിന്തുടർന്ന് നമസ്കരിക്കുന്നത് അനുവദനീയമല്ല.

പറഞ്ഞു: ഒന്നും പറയാതെ മൗനം ദീക്ഷിക്കുന്നവരും അവരിൽ പെട്ടവരാണ്. അവരെ പിന്തുടർന്ന് നമസ്കരിക്കുന്നതും അനുവദനീയമല്ല. എന്തെന്നാൽ,ബാഹ്യമായ നിലയിൽ നമ്മോടൊപ്പം ചേരാതെ അവർ തങ്ങളുടെ മനസ്സിൽ ഒരു വിരോധം വെച്ചു പുലർത്തുകയാണ് ചെയ്യുന്നത്. നിങ്ങൾ അവരോടൊപ്പം കൂടിച്ചേർന്നാൽ ദൈവത്തിന്റെ സവിശേഷ ശ്രദ്ധ പിന്നെ നിങ്ങളുടെ മേൽ ഉണ്ടാവില്ല. പരിശുദ്ധ ജമാഅത്ത് വേറിട്ട നിലയിലാണ് അഭിവൃദ്ധിപ്പെടുക. വാഗ്ദത്ത മസീഹ്(അ) ആഗ്രഹിക്കുന്നതു പോലെ ജമാഅത്തിന്റെ ആത്മാർഥ അംഗങ്ങളായിത്തീരുവാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് തന്നനുഗ്രഹിക്കുമാറാകട്ടെ.

ഖുതുബയുടെ അവസാനം ഹുസൂർ പറഞ്ഞു: അൽജീരിയയിലെ അഹ്മദികൾക്ക് ദുആക്ക് വേണ്ടി പറയാൻ ആഗ്രഹിക്കുകയാണ്.പുതിയ ജമാഅത്താണിത്. ഇവരിൽ ഭൂരിഭാഗവും നവ അഹ്മദികളാണ്. എങ്കിലും ഉറച്ച വിശ്വാസമുള്ളവരാണ് അവർ. ഈയിടെയായി ഭരണകൂടത്തിന്റെ ഭാഗത്തു നിന്ന് പ്രയാസങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. കാരണമൊന്നുമില്ലാതെ കേസെടുത്ത് കൊണ്ടിരിക്കുകയാണ്.ചിലരെ ജയിലിലടച്ചു. ഇസ്‌ലാമിക് സ്റ്റേറ്റിനെ പോലെയാണ് ഇവരും എന്നതാണ് ആരോപണം നഊദുബില്ലാഹ്. ജഡ്ജും നീതിയോടെയല്ല പ്രവർത്തിക്കുന്നത്. അദ്ദേഹത്തിന്റെ സമീപനം അങ്ങേയറ്റം അനീതി പരമാണ്. ഒരു അഹ്മദിയോട് ജഡ്ജ് പറഞ്ഞു: നീ അഹ്മദിയ്യത്തിൽ നിന്ന് പിന്മാറിയാൽ ഇപ്പോൾ തന്നെ വിട്ടയക്കുന്നതാണ്. അയാൾ പറഞ്ഞു: ഞാൻ മരിച്ചു കൊള്ളാം. പക്ഷേ, അഹ്മദിയ്യത്ത് ഞാൻ ഉപേക്ഷിക്കില്ല. എന്റെ വിശ്വാസം ഞാൻ ഉപേക്ഷിക്കില്ല. കാരണം, ഇതാണ് യഥാർഥ ഇസ്‌ലാം എന്ന് എനിക്കിപ്പോൾ ബോധ്യമായിരിക്കുന്നു. ജഡ്ജ് പറഞ്ഞു: ശരി, നീ ഇങ്ങനെ പറഞ്ഞ സ്ഥിതിക്ക് ഞാൻ നിന്നെ ജീവിതകാലം മുഴുവനും ജയിലിലിടുന്നതാണ്. ജയിലിൽ തന്നെ നീ നശിച്ചൊടുങ്ങും. ആ അഹ്മദി പറഞ്ഞു. അങ്ങനെയങ്കിൽ അങ്ങനെ, താങ്കൾ ചെയ്യാനുള്ളതൊക്കെ ചെയ്തു കൊള്ളുക. ഇതാണ് ഇപ്പോൾ അവിടത്തെ അവസ്ഥ.

അല്ലാഹു അവിടെ അഹ്മദികൾക്ക് എളുപ്പം സംജാതമാക്കട്ടെ. അവർക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യുമാറാകട്ടെ. ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും ശത്രുക്കളുടെ ദ്രോഹപ്രവർത്തനങ്ങളെ അല്ലാഹു അവരിലേക്ക് തന്നെ മടക്കട്ടെ. ആമീൻ

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 27.01.17
Malayalam Translation : **Moulvi Mohammed Arif**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala